# കുറുങ്കഥകളിലെ ഒറ്റയാൻ

**എന്തെങ്കിലുമൊന്നിൽ** മുറുകെ പിടിക്കുക എന്നതാണ് പി.കെ പാറക്കടവിന്റെ രചനാതന്ത്രത്തിൽ സൂത്രവാക്യം പോലെ തെളിയുന്നത്. മിനിക്കഥ എന്നതാണ് ആ പുളിങ്കൊമ്പ്. പക്ഷേ, കുറുങ്കഥകൾ മാത്രമേ പാറക്കടവിന്റെ തൂവലിൽ വിരിയൂ എന്നൊന്നുമില്ല. മികച്ച രചനാതന്ത്രത്തിനു തെളിവായി ഒട്ടേറെ 'മിഡിൽ പീസുകൾ' ഇയാൾക്കു മാത്രം സ്വന്തമായത് ആനുകാലികങ്ങളിൽ വിളംബരപ്പെടാറുണ്ട്. പക്ഷേ, പാറക്കടവ് ഗൗരവത്തിലെടുക്കുക ഒറ്റ ശാഖയെ മാത്രം. അത് മിനിക്കഥകളാണ്. 'പൂർണ' പബ്ലിക്കേഷൻസ് പുറത്തിറക്കിയ സമ്പൂർണ മിനിക്കഥാ സമാഹാരത്തിലെ ഓരോ കുറുങ്കഥയും ഇത് സാക്ഷ്യപ്പെടുത്തുന്നു.

നീണ്ട കഥയോ നോവല്ലയോ ഒക്കെ ആയി വാർത്തെടുക്കാവുന്നവ വേണ്ടത്രയുണ്ട് ആ സമ്പാദ്യത്തിൽ. വായനക്കാരന് ഇത്തിരി നുള്ളും അതിലേറെ തപ്തസ്മരണകളും നൽകി തന്റെ രചനയിലേക്ക് ആകർഷിക്കുന്നു എന്നതാണ് ഈ സമാഹാരത്തിലെ ഓരോ കഥക്കും മൊത്തത്തിലെഴുതാവുന്ന അനുമോദന വാചകം.






മുഴുവൻ കഥകളിലും പാരായണക്ഷമത എന്ന ഗുണം നൂറു ശതമാനം പാലിക്കുമ്പോഴും 'വായനക്കാരനെ അലട്ടാൻ' പി.കെ പാറക്കടവിലെ കഥാകൃത്ത് ശ്രദ്ധിക്കുന്നു. ഒപ്പം, മലയാളിയുടെ ഒട്ടേറെ ദുശ്ശാഠ്യങ്ങളുടെ നേർക്കും ഈ കഥാകൃത്ത് തേൻപുരട്ടിയ അസ്ത്രങ്ങളെയ്യുന്നു.

വരുംകാല മലയാള എഴുത്തിൽ ഈ ശാഖയിൽ വമ്പൻ വാഗ്ദാനങ്ങൾ ഉണ്ടാവില്ല എന്നൊന്നും വിശ്വാസമില്ല. പക്ഷേ, മിനിക്കഥയിൽ ആദ്യത്തെ മലയാളിത്തം പി.കെ പാറക്കടവിന് സ്വന്തം.

കഥക്കും കവിതക്കും കമ്പോളത്തിൽ ഇടമില്ല എന്ന വ്യാജ പ്രസ്താവങ്ങൾ വൻകിട പ്രസാധകർ നൂറ്റൊന്നാവർത്തിച്ച് ഓരിയിടുമ്പോൾ 'പൂർണ' പ്രസാധകർ തെല്ലൊരു ധൈര്യം തന്നെയാണ് ഈ സമാഹാരം പ്രസാധനം ചെയ്യുകവഴി സാധിക്കുന്നത്. ആകർഷകമായ പുറംചട്ടയും പുസ്തകത്തിന്റെ മൊത്തം നിർമിതിയും നന്ന്. ലേബലുകളൊന്നും ആവശ്യമില്ലാത്തവിധം മലയാള കുറുങ്കഥാശാഖയിൽ വേരുകൾ ആഴത്തിലോടുന്ന ഈ കഥാസൗധത്തിന് ഇനിയും ഒട്ടേറെ തുടർച്ചകളുണ്ടാവട്ടെ.

*പി.കെ പാറക്കടവിന്റെ കഥകൾ*

വില: 250 രൂപ

ഒരു 'പൂർണ' പ്രസാധനം

അവതാരിക: എം. തോമസ് മാത്യു

**പി.എ.എം ഹനീഫ്**